# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1942

01.02.2018 ൽ മറുപടിക്കുണ്ടായിരുന്നത്

## കലാപം സൃഷ്ടിക്കാൻ ശ്രമിച്ചവർക്കെതിരെ നിയമനടപടി

**ചോദ്യം**

ശ്രീ.ഇ.പി.ജയരാജൻ
ശ്രീ.എം. രാജഗോപാലൻ
ശ്രീ.പി.കെ. ശശി
ശ്രീ.എം. സ്വരാജ്

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) കേന്ദ്രഭരണകക്ഷി നടത്തിയ സംസ്ഥാന യാത്രയുടെ ഭാഗമായും അതിനോടനുബന്ധിച്ചും വ്യാപക അക്രമം നടത്തി കലാപം സൃഷ്ടിക്കാൻ ശ്രമിച്ചവർക്കും അതിന് ഗൂഢാലോചന നടത്തിയവർക്കുമെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കാൻ പോലീസ് വേണ്ടത്ര ജാഗ്രത പുലർത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുമോ;

(ബി) ജാഥയുടെ മറവിൽ സംസ്ഥാനത്തെ അവഹേളിക്കാൻ നടത്തിയ ശ്രമം, ഫെഡറൽ തത്വങ്ങളുടെ ലംഘനവും ഫെഡറലിസത്തെ ദുർബലപ്പെടുത്തുന്നതുമായിരുന്നതിനാൽ ഇത്തരം ദുഷ്പ്രവണതകൾ തടയാൻ സ്വീകരിച്ചിട്ടുള്ള ഭരണപരമായ നടപടികൾ എന്തെല്ലാമാണ്;

(സി) വിവിധ കേന്ദ്രമന്ത്രിമാർ സംസ്ഥാനത്തുവന്ന് കലാപത്തിന് ആഹ്വാനം നടത്തിയതായ ആക്ഷേപം, കേന്ദ്ര സർക്കാരിന്റെയും നീതിന്യായ സംവിധാനത്തിന്റെയും ശ്രദ്ധയിൽ കൊണ്ടുവരാൻ സാധ്യമായിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

(എ), (ബി) & (സി)

കേന്ദ്ര ഭരണകക്ഷി നടത്തിയ സംസ്ഥാന യാത്രയുമായി ബന്ധപ്പെട്ട് അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ 26.09.2017 തീയതിയിലെ T5/153181/17 നമ്പർ പ്രകാരം എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും താഴെ പറയുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയിരുന്നു.

ഏതെങ്കിലും തരത്തിലുള്ള അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാനായി എല്ലാ പ്രതിരോധമാർഗ്ഗങ്ങളും, മുൻകരുതലുകളും സ്വീകരിക്കേണ്ടതാണെന്നും ആളുകൾ ഒന്നിച്ചു കൂടുന്ന സ്ഥലങ്ങളിൽ പ്രത്യേകിച്ച് സാമുദായിക/രാഷ്ട്രീയപരമായി ലോലമായതോ, സംഘർഷ സാധ്യത ഉള്ളതോ ആയ പ്രദേശങ്ങളിൽ കർശന ജാഗ്രത പുലർത്താൻ ശ്രദ്ധിക്കേണ്ടതുണ്ടെന്നും ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ പ്രശ്നങ്ങൾ ഒഴിവാക്കാനായി കാര്യക്ഷമവും പര്യാപ്തവുമായ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണെന്നും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണെന്നും നിർദ്ദേശം നൽകിയിരുന്നു. സുഗമമായ ഗതാഗതത്തിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും നടത്താനും ജാഥ

സഞ്ചരിക്കുന്ന വഴിയിലും തമ്പടിക്കുന്ന ഇടങ്ങളിലും സുരക്ഷ സംബന്ധിച്ച് ആവശ്യമായ ശ്രദ്ധ നൽകണമെന്നും ഇക്കാര്യത്തിൽ റേഞ്ച് ഐ.ജിമാരും മേഖലാ എ.ഡി.ജി.പിമാരും സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിരുന്നു.

സെക്ഷൻ ഓഫീസർ.